ഭരണഭാഷ - മാതൃഭാഷ

## കേരള സർക്കാർ - കൃഷി വകുപ്പ്

## ദർഘാസ് പരസ്യം

 റ്റി.ബി (2) 704/23

പ്രിൻസിപ്പൽ കൃഷി ആഫീസറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 29/03/2023

2023-24 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ കൃഷി വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കാവശ്യമായ നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, പുഷ്പ-ഫലങ്ങൾ, മറ്റു കാർഷിക ഉപകരണങ്ങൾ മുതലാവയ കൃഷി വകുപ്പിന്റെ കീഴിലുള്ളതും അംഗീകാരമുള്ളതുമായ വിവിധ തോട്ടങ്ങൾ, നഴ്സറികൾ, റിസർച്ച് സ്റ്റേഷനുകൾ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്ത് ജില്ലയിലെ വിവിധ കൃഷി ഭവനുകളിൽ എത്തിച്ചു കൊടുക്കുന്നതിനായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലോറി വാടകയ്ക്ക് നൽകുവാൻ തയ്യാറുള്ള ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാരിൽ നിന്ന് മത്സര സ്വഭാവമുള്ള മുദ്ര വെച്ച ദർഘാസുകൾ ക്ഷണിക്കുന്നു. അടങ്കൽ തുക 4,95,000/-രൂപ.

പൂരിപ്പിച്ച ടെൻഡർ ഫോറം സമർപ്പിക്കേണ്ട അവസാന തീയതി : 17/04/2023 11 am

## നിബന്ധനകൾ

1. ദർഘാസ് ഫോറത്തിന്റെ വില ജി.എസ്.റ്റി ഉൾപ്പെടെ 1200/-രൂപ ഈ ആഫീസിൽ നേരിട്ടടച്ച് 2023 ഏപ്രിൽ 13-ാം തീയതി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 1 മണിവരെ വാങ്ങാവുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് കോപ്പി ആവശ്യമുള്ളവർ ഫോറം ഒന്നിന് 600/-രൂപ അധികമായി ഒടുക്കി വാങ്ങാവുന്നതാണ്. യാതൊരു കാരണവശാലും ഫോറത്തിന്റെ വില മടക്കി നൽകുന്നതല്ല. പ്രസ്തുത സമയ പരിധിക്കുശേഷം ദർഘാസ് ഫോറങ്ങൾ ലഭിക്കുന്നതല്ല.

2. ദർഘാസ് ഫോറം കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

3. പൂരിപ്പിച്ച ദർഘാസുകൾ 2023 ഏപ്രിൽ 17-ാം തീയതി 11 മണിവരെ സ്വീകരിക്കുന്നതാണ്. ദർഘാസ് ഉൾക്കൊള്ളുന്ന കവറിനു പുറത്ത് മുകളിലായി 2023-24 വർഷത്തിൽ നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായവ എത്തിയ്ക്കുന്നതിലേക്ക് ലോറി വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ദർഘാസ് എന്ന് രേഖപ്പെടുത്തേണ്ടതും, പ്രിൻസിപ്പൽ കൃഷി ആഫീസർ, തിരുവനന്തപുരം, സിവിൽ സ്റ്റേഷൻ എന്ന് മേൽവിലാസം എഴുതേണ്ടതുമാണ്. 2023 ഏപ്രിൽ 17-ാം തീയതി ഉച്ചയ്ക്ക് 2.30 മണിയ്ക്ക് പ്രിൻസിപ്പൽ കൃഷി ആഫീസർ / പ്രിൻസിപ്പൽ കൃഷി ആഫീസർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഹാജരുള്ള ദർഘാസ് സമർപ്പിച്ചവരുടെയോ / അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസുകാരന്റെ പേരിൽ സർക്കാർ വ്യവസ്ഥകൾക്ക് വിധേയമായി ദർഘാസ് താത്ക്കാലികമായി ഉറപ്പിക്കുന്നതും, നിരക്ക് സംബന്ധിച്ച് ടിയാനുമായി കൂടിയാലോചന നടത്തി അന്തിമ തീരുമാനമെടുക്കുന്നതും, കൃഷി ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ദർഘാസ് സ്ഥിരപ്പെടുത്തുന്നതുമാണ്.

4. നിശ്ചിത സമയപരിധിയ്ക്കു ശേഷം ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. ദർഘാസിനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം, ഒരു അംഗീകൃത ദേശസാൽകൃത ബാങ്കിന്റെ തിരുവനന്തപുരം ശാഖയിൽ മാറത്തക്കവിധം തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ആഫീസറുടെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റും 200/- രൂപ മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ ഒരു പ്രാഥമിക ഉടമ്പടിയും സമർപ്പിക്കേണ്ടതാണ്. ദർഘാസിനൊപ്പം ആർ.സി ബുക്കുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

6. നിരതദ്രവ്യം, പ്രാഥമിക ഉടമ്പടി എന്നിവ ഇല്ലാത്തതും ദർഘാസുകാരന്റെ പൂർണ്ണമായ മേൽവിലാസം (ഫോൺ നമ്പർ സഹിതം) വ്യക്തമായി രേഖപ്പെടുത്താത്തതുമായ ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. ചെക്ക് / പോസ്റ്റേജ് സ്റ്റാമ്പ് എന്നീ രൂപങ്ങളിൽ നിരതദ്രവ്യം സ്വീകരിക്കുന്നതല്ല.

7. ദർഘാസ് ഫോറത്തിന്റെ എല്ലാ പേജുകളിലും ദർഘാസുകാരന്റെ ഒപ്പിട്ടിരിക്കേണ്ടതാണ്. അല്ലാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

8. ദർഘാസുകൾ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനോ, നിർത്തിവെക്കുന്നതിനോ ഉള്ള അധികാരം തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ആഫീസറിൽ നിക്ഷിപ്തമാണ്. ദർഘാസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഈ ആഫീസിൽ നേരിട്ട് അന്വേഷിച്ചാൽ ലഭിക്കുന്നതാണ്.

9. സർക്കാർ ടെണ്ടറുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.

## പ്രത്യേക നിബന്ധനകൾ

1. ദർഘാസ് അംഗീകരിച്ചു കഴിഞ്ഞാൽ 10 ദിവസത്തിനകം 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ ദർഘാസുകാരൻ കരാർ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്. കരാറിന്റെ കാലാവധി കരാർ ഒപ്പിടുന്ന തീയതി മുതൽ 31/03/2024 വരെയായിരിക്കും.

2. സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന എല്ലാ നഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും, സംഭവിച്ച നഷ്ടത്തിന്റെ തുക കണക്കാക്കി നിരതദ്രവ്യം / കടത്തുകൂലിയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

3. വാടകയ്ക്ക് നൽകുന്ന ലോറിയുടെ ഓരോന്നിന്റെയും പരിധി ചുരുങ്ങിയത് 5 ടൺ ആയിരിക്കണം.ഓരോ ലോഡിലും കയറ്റേണ്ട സാധനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു.

i) നടീൽ വസ്തുക്കൾ / തെങ്ങിൻ തൈകൾ = 1500 എണ്ണം

(തൈകൾ ലോറിയിൽ കുത്തനെ നിർത്തിമാത്രമേ വയ്ക്കാവു)

ii) കുരുമുളക് വള്ളികൾ/ജാതി/കമുക്/ഗ്രാമ്പു തൈകൾ അടങ്ങിയ കവറുകൾ = 1700 എണ്ണം

iii) ഗ്രാഫ്റ്റുകൾ ഉൾക്കൊള്ളുന്ന പോളിത്തീൻ
ബാഗുകൾ/മറ്റു വിത്തുൽപ്പന്നങ്ങൾ, തൈകൾ = 1600 എണ്ണം

iv) വളവും കീടനാശിനിയും = 5 ടൺ (കുറയാതെ)

v) ഫാം ഉല്പന്നങ്ങൾ = 5 ടൺ (കുറയാതെ)

4. സാധനങ്ങൾ കയറ്റി നിർദ്ദിഷ്ട സ്ഥലങ്ങളിൽ എത്തിയ്ക്കുന്നത് ദൂരം ഏറ്റവും കുറഞ്ഞ വഴിയിൽ കൂടിയായിരിക്കണം. വെയിറ്റിംഗ് ചാർജ്ജ് നൽകുന്നതല്ല.

5. ലോഡോടുകൂടിയ ഒരു റണ്ണിംഗ് കിലോമീറ്റർ ഓടുന്നതിനുള്ള നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.

6. ഓരോ ദിവസവും പ്രിൻസിപ്പൽ കൃഷി ആഫീസർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്നതനുസരിച്ച് ആവശ്യമായ എണ്ണം ലോറികൾ ഹാജരാക്കേണ്ടതാണ്.

7. അനുവദിക്കുന്ന സമയ പരിധിക്കുള്ളിൽ തന്നെ സാധനങ്ങളുടെ വിതരണം പൂർത്തിയാക്കേണ്ടതാണ്.

8. ഒരേ സമയത്ത് ചുരുങ്ങിയത് അഞ്ച് ലോറികളെങ്കിലും ലഭ്യമാക്കുവാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ്. ആവശ്യപ്പെട്ട അത്രയും ലോറികൾ ദർഘാസുകാരൻ ലഭ്യമാക്കാത്തതുകാരണം സർക്കാരിന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ അത് ടിയാനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

9. സാധനങ്ങൾ വിതരണം നടത്തുന്നതിന് ഉത്തരവ് കിട്ടിയാലുടൻ ആവശ്യമായ എണ്ണം ലോറികൾ ലഭ്യമാക്കി കൃഷി വകുപ്പുദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഏറ്റവും കുറഞ്ഞ ദൂരത്തിലൂടെ ഉത്തരവാദിത്വത്തോടെ എത്തിക്കേണ്ടതാണ്.

10. ദർഘാസ് അംഗീകരിച്ചതിനു ശേഷം നിബന്ധനകൾ പാലിക്കാതെ വന്നാൽ കൃഷി ഡയറക്ടറുടെ അനുമതിക്ക് വിധേയമായി തൊട്ടടുത്ത ദർഘാസുകാരന് കരാർ നൽകുന്നതിനും ആദ്യ ദർഘാസുകാരന്റെ ടെണ്ടർ റദ്ദാക്കുന്നതുമായിരിക്കും.

11. ആദായനികുതി അതാതു സമയത്ത് നിലവിലുള്ള നിരക്കു പ്രകാരം ബില്ലിൽ നിന്നും കുറവു ചെയ്യുന്നതാണ്.

12. കാലാകാലങ്ങളിൽ സർക്കാർ ഏർപ്പെടുത്തുന്ന സാമ്പത്തിക ക്രമീകരണങ്ങളും മറ്റും കാരണം ലോറി വാടക നൽകുവാൻ താമസം നേരിട്ടാൽ യാതൊരു കാരണവശാലും പലിശ നൽകുന്നതല്ല.

13. പച്ചക്കറി തൈകൾ, പ്രൊട്രേകൾ, കപ്പുകൾ എന്നിവയിൽ കടത്തുന്ന ഓരോ ലോഡിലും ഏറ്റവും ചുരുങ്ങിയത് 10000 എണ്ണം തൈകൾ കയറ്റിയിരിക്കേണ്ടതാണ്. കടത്തുന്ന വാഹനത്തിൽ ഇതിനു വേണ്ട ക്രമീകരണങ്ങൾ കരാറുകാരൻ ഏർപ്പെടുത്തിയിരിക്കേണ്ടതാണ്.

14. വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ ക്ലെയിം എല്ലാ മാസവും 25-ാം തീയതിയ്ക്ക് മുൻപ് ട്രിപ്പ് ഷീറ്റ് ഉൾപ്പെടെ കുറ്റമറ്റ രീതിയിൽ ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

പ്രിൻസിപ്പൽ കൃഷി ആഫീസർ

PRINCIPAL AGRICULTURAL OFFICER
THIRUVANANTHAPURAM

പകർപ്പ്: 1) കൃഷി ഡയറക്ടർ, തിരുവനന്തപുരം. നോട്ടീസ് ബോർഡ് / സർക്കുലേഷൻ.
2) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
3) ജില്ലാ കളക്ടർ, തിരുവനന്തപുരം.
4) സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്, തിരുവനന്തപുരം.
5) പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
6) എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും.
7) എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
8) കരുതൽ ഫയൽ / അധികം.

SS